പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ : 3514. | 19.10.2016-ൽ<br>മറുപടിയ്ക്ക് |

## എക്സൈസ് ഓഫീസുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ്: | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) വിവിധ കേസുകളുമായി ബന്ധപ്പെട്ട് എക്സൈസ് ഓഫീസുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ വിറ്റഴിക്കുന്നതിനും മതിയായ പിഴ ഈടാക്കി മടക്കി നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) എക്സൈസ് വകുപ്പ് പ്രതിമാസം ഏകദേശം നൂറോളം വാഹനങ്ങളാണ് വിവിധ കേസുകളിൽ ഉൾപ്പെട്ട് പിടിച്ചെടുത്തുകൊണ്ടിരിക്കുന്നത്.എക്സൈസ് വകുപ്പിൽ പിടിച്ചെടുത്ത് സർക്കാരിലേക്ക് കണ്ട് കെട്ടിയ വാഹനങ്ങൾ പൊതുലേലത്തിലൂടെയാണ് ലേലം ചെയ്ത് തീർപ്പാക്കിയിരുന്നത്. എന്നാൽ 15.10.2015-ലെ ജി.ഒ (പി) നം.190/2015/നി.വ ഉത്തരവ് പ്രകാരം വാഹനങ്ങൾ പൊതുലേലത്തിലൂടെയോ നേരിട്ടോ അല്ലെങ്കിൽ സർക്കാർ അധികാരപ്പെടുത്തിയ ഏജൻസി മുഖേനയോ ഇ — ലേലം നടത്താവുന്നതാണെന്ന് നിയമം ഭേദഗതി വരുത്തുകയും സർക്കാർ നിർദ്ദേശ പ്രകാരം വാഹനങ്ങൾ എം.എസ്.റ്റി.സി (മെറ്റൽ സ്ക്രാപ് ട്രേഡ് കോർപറേഷൻ ലിമിറ്റഡ്) വഴി ഇ-ലേലം നടത്തുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. എക്സൈസ് വകുപ്പിൽ മുൻപ് നടന്നുവന്നിരുന്ന പൊതു |

ലേലത്തിൽ പങ്കെടുത്തിരുന്ന സാധാരണക്കാർക്ക് രജിസ്ട്രേഷൻ നടപടിക്രമങ്ങളിലും രേഖകൾ ഹാജരാക്കുന്നതിനും സാങ്കേതികമായ അറിവ് കുറവായതിനാലും രജിസ്ട്രേഷൻ ഫീസിന്റെ (12500 രൂപ) വർദ്ധനവ് മൂലവും എം.എസ്.റ്റി.സി വഴിയുള്ള ഇ-ലേലത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കുറവ് വരുന്നുണ്ട്.മിക്കവാറും എല്ലാ ജില്ലകളിലും അബ്കാരി കേസുകളിൽ കണ്ടെടുക്കുന്ന വാഹനങ്ങളിൽ അധികവും ഓട്ടോ റിക്ഷകളും മോട്ടോർ സൈക്കിളുകളുമാണ്. ഇ-ലേലത്തിൽ പങ്കെടുക്കുന്നവർ പ്രൊഫഷണലുകളാകയാൽ മുന്തിയയിനം വാഹനങ്ങൾ മാത്രമാണ് അവർക്ക് ആവശ്യം. അതുകൊണ്ടാണ് വാഹനങ്ങളുടെ വിൽപ്പനയിൽ വളരെയധികം കുറവ് വരുന്നത്. സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിച്ച് ലേല നടപടികൾ പൂർത്തിയാക്കി വാഹനങ്ങൾ വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിനുള്ള നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ച് വരികയാണ്.

കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട്കെട്ടുന്ന മുറയ്ക്ക് മെക്കാനിക്കൽ എൻജിനിയർ നിശ്ചയിക്കുന്ന കമ്പോളവില സർക്കാരിലേക്ക് അടയ്ക്കുവാൻ തയ്യാറാവുന്ന പക്ഷം വാഹനത്തിന്റെ രജിസ്റ്റേർഡ്

| | | |
|---|---|---|
| | | ഉടമസ്ഥന് വാഹനം വിട്ടു നൽകുന്നതിന് നിയമവ്യവസ്ഥ നിലവിലുണ്ട്. ഇപ്രകാരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വാഹനങ്ങൾ വിട്ട് നൽകുന്നുണ്ട്. |
| (ബി) | ഉടമസ്ഥനോ സർക്കാരിനോ പൊതുആവശ്യത്തിനോ ഉപകാരപ്രദമാകാതെ, കോടിക്കണക്കിന് രൂപ പാഴായി പോകുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് നിയമനിർമ്മാണം അടക്കമുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) കേസുകളിൽ പിടിച്ചെടുത്ത് സർക്കാരിലേക്ക് കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനും നിശ്ചിത കമ്പോളവില ഈടാക്കി ഉടമസ്ഥന് വിട്ടു നൽകുന്നതിനും, സർക്കാർ വകുപ്പുകളുടെ ഉപയോഗത്തിന് അനുവദിക്കുന്നതിനും നിയമവ്യവസ്ഥ നിലവിലുള്ളതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.